പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

# പോലീസ് വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2036 — 11/06/2018-ൽ മറുപടിക്ക്

**ചോദ്യം**
ശ്രീ.ഇ.പി.ജയരാജൻ

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാന പോലീസ് വകുപ്പിലെ ആംഡ് റിസർവ് വിഭാഗത്തിലെയും ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെയും പോലീസ് കോൺസ്റ്റബിൾ, ഹെഡ് കോൺസ്റ്റബിൾ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ തസ്തികകൾ ലയിപ്പിച്ച് കേരള സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസ് നിലവിൽ വന്നത് എപ്പോൾ മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) | ജി.ഒ. (പി) നം. 268/2010/ആഭ്യന്തരം തീയതി 10.12.2010 എന്ന ഉത്തരവ് പ്രകാരം 01.04.2010 മുതൽ കേരള സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസ് നിലവിൽ വന്നു. |
| (ബി) | ഇത് സംബന്ധിച്ച ഉത്തരവ് പ്രകാരം ആംഡ് റിസർവ് വിഭാഗം തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റത്തിനുള്ള പ്രതീക്ഷിത തീയതി നിശ്ചയിച്ച് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | ക്ലോസ്ഡ് എ.ആർ കേഡർ തിരഞ്ഞെടുത്ത ആർ.എസ്.ഐ.മാരുടെ പ്രതീക്ഷിത പ്രമോഷൻ തീയതി കണക്കാക്കിയുള്ള റേഞ്ചുതല സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റേഞ്ച് തലത്തിലെ അന്തിമ ലിസ്റ്റിന് വിധേയമായി സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാത്തത് കാരണം അസിസ്റ്റന്റ് കമാൻഡന്റ്, റിസർവ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം സമയബന്ധിതമായി നടപ്പിലാക്കുവാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (സി) | റഗുലർ പ്രമോഷനുകൾക്ക് കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അർഹരായവർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | അർഹതപ്പെട്ട ഒഴിവുകളിൽ സീനിയോറിറ്റി അനുസരിച്ച് റിസർവ്വ് ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗസ്ഥർക്ക് താൽക്കാലിക പ്രമോഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ